കളുടെ കാര്യമാണ്. ഇത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു വേണ്ടിയാണ് ചോദിക്കുന്നത്.

ശ്രീ. ഇ.കെ. നായനാർ : അതിന് പ്രത്യേകം നോട്ടീസ് വേണം.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(iii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

6 (*531) അമിതവേഗത മൂലമുള്ള അപകട മരണങ്ങൾ

ശ്രീ. എം.എ. തോമസ് :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എളമരം കരീം :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സൂപ്പർ ഫാസ്റ്റ് ഉൾപ്പെടെയുള്ള ദീർഘ ദൂര ബസ്സുകളുടെ അമിത വേഗതമൂലം അപകടമരണങ്ങൾ സംഭവിക്കാറു ള്ളത് ശ്രദ്ധയിൽപ്പെട്ടുവോ?

(ബി) എങ്കിൽ സൂപ്പർ ഫാസ്റ്റുകളുടെ അമിതവേഗത നിയന്ത്രിക്കുന്ന തിനും അപകടം കുറയ്ക്കുവാനും എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് സൂപ്പർ ഫാസ്റ്റുകളുടെ അപകടനിരക്കു കൂടി വരുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാ ക്കുമോ;

(ഇ) സൂപ്പർ ഫാസ്റ്റുകളുടെ അമിത വേഗതയും അപകടവും ഒഴിവാ ക്കുന്നതിനായി എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ;

(എഫ്) സൂപ്പർ ഫാസ്റ്റുകൾ വരുത്തിവയ്ക്കുന്ന അപകടമരണങ്ങൾ ഒഴിവാക്കാൻ പരിചയസമ്പന്നരും സാധാരണ കാഴ്ചശക്തിയുമുള്ള ഡ്രൈവർമാരെ മാത്രം നിയോഗിക്കാനും നല്ല കണ്ടീഷൻ ഉള്ള ബസ്സുകൾ മാത്രം ഓടിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ: എ. നീലലോഹിതദാസൻ നാടാർ) :

(എ) അമിത വേഗതമൂലം അപകടം ഉണ്ടാകാറില്ല. ആവശ്യമായ റണ്ണിംഗ് സമയം ഇത്തരം സർവ്വീസുകൾക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.യുടെ സൂപ്പർ ഫാസ്റ്റു ബസ്സുകൾ അമിത വേഗതയിൽ ഓടിക്കുന്നില്ല.

(സി) സൂപ്പർ ഫാസ്റ്റ് മാത്രമായി അപകടത്തിൽപ്പെടുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സൂപ്പർ ഫാസ്റ്റ് ബസ്സുകൾ അമിത വേഗതയിലല്ല ഓടിക്കുന്നത്. ഇതിനായി ആവശ്യമായ റണ്ണിംഗ് ടൈം അനുവദിച്ചിട്ടുണ്ട്. പഴയ ബസ്സുകൾ ഇത്തരം സർവ്വീസുകൾക്കുപയോഗിക്കാറില്ല. സ്ഥിരം ഡ്രൈവർമാരെ മാത്രമേ ഇത്തരം സർവ്വീസുകളിൽ നിയോഗിക്കാറുള്ളൂ.

(എഫ്) നിശ്ചിത യോഗ്യതയുള്ള ഡ്രൈവർമാരെയാണ് കെ.എസ്. ആർ.ടി.സി.യിൽ ബസ്സ് ഓടിക്കുവാൻ നിയോഗിച്ചിട്ടുള്ളത്. ഇവരിൽ സ്ഥിരം ഡ്രൈവർമാരെ മാത്രമേ ഇത്തരം സർവ്വീസുകളിൽ നിയോഗിക്കാവൂ എന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മൂന്നു വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾ ഇത്തരം സർവ്വീസുകൾക്കുപയോഗിക്കാറില്ല. അറ്റകുറ്റപ്പണികൾ വേണ്ടിവരുമ്പോൾ കഴിവതും ഒറിജിനൽ സ്പെയർപാർട്സുകൾ തന്നെ ഉപയോഗിച്ചു വരുന്നു. കൂടാതെ ഡ്രൈവർമാരെ റിഫ്രഷർ കോഴ്സുകളിൽ പങ്കെടുപ്പിച്ച് വിദഗ്ധ പരിശീലനം നൽകുന്നുണ്ട്.

7 (*532) വനഭൂമി കൈയ്യേറ്റം

ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. പി. രാഘവൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. വി.കെ. ചന്ദ്രൻ:
ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനഭൂമി കയ്യേറുന്നവരെ ഒഴിപ്പിക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഒഴിപ്പിക്കുന്നതിൽ വരുന്ന കാലതാമസം മൂലം വനഭൂമി അന്യാധീനപ്പെടുന്നത് തടയാൻ ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുമോ;

(ബി) സംസ്ഥാനത്തെ വനഭൂമി വിസ്തൃതി ഓരോ വർഷവും കുറഞ്ഞുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) തരിശയായി കിടക്കുന്ന വനഭൂമിയിൽ നടപ്പിലാക്കുന്ന വനവൽക്കരണ പരിപാടിയുടെ പുരോഗതി വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ: എ. നീലലോഹിതദാസൻ നാടാർ) :

(എ) കയ്യേറ്റ ശ്രമങ്ങൾ കണ്ടെത്തി ഉടനടി തടയുകയും കയ്യേറ്റക്കാരെ ഒഴിപ്പിക്കുകയും കയ്യേറ്റക്കാരുടെ പേരിൽ കേരള ഫോറസ്റ്റ് ആക്ട് പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നു. ഒഴിപ്പിക്കാൻ കാലതാമസം ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കാൻ വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കേരളത്തിലെ വനഭൂമിയുടെ വിസ്തൃതി കുറഞ്ഞിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly